**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജനകീയ ഹോട്ടലുകൾ വഴി നൽകുന്ന ഉച്ചഭക്ഷണത്തിന്റെ സബ്സിഡി 2023 ആഗസ്റ്റ് 1 മുതൽ നിർത്തലാക്കിക്കൊണ്ടും വിലനിർണ്ണയാധികാരം ജില്ലാ ആസൂത്രണസമിതികൾക്ക് നല്കിക്കൊണ്ടും ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1632/2023/തസ്വഭവ. തിരുവനന്തപുരം, തീയതി: 10/08/2023**

---

പരാമർശം:-1. 06/03/2020 തീയതിയിലെ സ.ഉ.(കൈ)നം.45/2020/തസ്വഭവ

2.കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25/07/2023 തീയതിയിലെ 1606/ഡി.1/2020 കെ.എസ്.എച്ച്.ഒ നം കത്ത്.

**<u>ഉത്തരവ്</u>**

വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി കേരളത്തിലാകമാനം പരാമർശം-1 പ്രകാരം ആരംഭിച്ച ജനകീയ ഹോട്ടലുകളിലൂടെ നൽകിവരുന്ന ഉച്ചഭക്ഷണത്തിനുള്ള സബ്സിഡി, കോവിഡ് മഹാമാരി ഭീഷണിയല്ലാതാകുകയും സാമൂഹിക ജീവിതം കോവിഡ് കാലത്തിന് മുമ്പുള്ള നിലയിലാകുകയും ചെയ്ത സാഹചര്യത്തിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി 2023 ആഗസ്റ്റ് 1 മുതൽ ഒഴിവാക്കാവുന്നതാണെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം -2 കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

1. ഓരോ ജില്ലകളിലും ജനകീയ ഹോട്ടലുകളിൽ നിന്നും വിതരണം ചെയ്യുന്ന ഉച്ചയൂണിന്റെ നിരക്ക് സംബന്ധിച്ച് അതത് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കുടുംബശ്രീ ജില്ലാ മിഷനുമായി ചർച്ച നടത്തുകയും നിശ്ചിത വില തീരുമാനിക്കുകയും ചെയ്യേണ്ടതാണ്. ജനകീയ ഹോട്ടലുകളിൽ നിന്നും വിതരണം ചെയ്യുന്ന ഉച്ചയൂണിന്റെ നിരക്ക് കുറഞ്ഞത് 30 രൂപ എന്ന നിലയിലും, പാഴ്സൽ ഊണുകൾക്ക് 35 രൂപ എന്ന നിലയിലും നിശ്ചയിക്കാവുന്നതാണ്. ഇത്തരത്തിൽ വിതരണം ചെയ്യുന്ന ഊണുകൾക്ക് കുറഞ്ഞത് ചോറ്, തോരൻ, അച്ചാർ, നാടൻ വിഭവം ഉൾപ്പെടെ 3 തൊട്ടുകറിയും ഒരു ഒഴിച്ചുകറിയും ഒരു (സാമ്പാർ/ രസം/ മോരുകറി/ പരിപ്പ്/ മീൻകറി) നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്.
2. കൂടുതൽ വിഭവങ്ങൾ, നോൺ വെജ് വിഭവങ്ങൾ, സ്പെഷ്യൽ വിഭവങ്ങൾ എന്നിവ ആവശ്യാനുസരണം തയ്യാറാക്കാവുന്നതും ഇവക്ക് അതത് ഹോട്ടൽ സംരംഭകർ നിശ്ചയിക്കുന്ന നിരക്ക് ഈടാക്കാവുന്നതുമാണ്. ഇത്തരത്തിൽ മറ്റു വിഭവങ്ങൾക്ക് മാർക്കറ്റ് നിരക്ക് ഈടാക്കുമ്പോൾ വില വിവര പട്ടിക എല്ലാവർക്കും കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.
3. അതിദരിദ്രർ/അശരണർ/കിടപ്പുരോഗികൾ എന്നിവർക്ക് സൗജന്യ ഭക്ഷണം ആവശ്യമുള്ള പക്ഷം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ജനകീയ ഹോട്ടലുകളിൽ നിന്നും ലഭ്യമാക്കാവുന്നതും ഇതിനാവശ്യമായ ചെലവ് തദ്ദേശ സ്ഥാപനം വഹിക്കേണ്ടതുമാണ്.

4. ജില്ലാ ആസൂത്രണ സമിതികളിൽ (ഡി പി സി) എല്ലാ മാസവും ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം ഒരു പ്രത്യേക അജണ്ടയാക്കി അവലോകനം നടത്തേണ്ടതാണ്.

5. ഏതെങ്കിലും ജനകീയ ഹോട്ടലുകൾക്ക് ഡിപിസി നിശ്ചയിച്ച നിരക്കിൽ ഊണുകൾ വിതരണം ചെയ്യാൻ സാധിക്കാതിരിക്കുകയോ അല്ലെങ്കിൽ നിശ്ചയിച്ച നിരക്കിൽ നിന്നും ഉയർന്ന നിരക്കിൽ ഊണുകൾ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ അത്തരം യൂണിറ്റുകൾ ജനകീയ ഹോട്ടൽ എന്ന പേരിൽ തുടരുന്നതു സംബന്ധിച്ച തീരുമാനം ഡിപിസി-യ്ക്ക് കൈക്കൊള്ളാവുന്നതാണ്.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ നല്കിവരുന്ന പിന്തുണാസഹായങ്ങളായ വാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ്, സിവിൽ സപ്ലൈസിൽ നിന്നും സബ്സിഡി നിരക്കിൽ ലഭിക്കുന്ന അരി എന്നിവ തുടർന്നും ജനകീയ ഹോട്ടലുകൾക്ക് നല്കാവുന്നതാണ്.

7. ജനകീയ ഹോട്ടലുകളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുക - എല്ലാ ജനകീയ ഹോട്ടലുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തി കൊടുക്കുന്ന സ്ഥലങ്ങളിൽ റസ്റ്റോറന്റ് മോഡലിൽ ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനുള്ള സ്ഥലപരിമിതി ഉള്ളതായി ജില്ലാമിഷനുകൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 30% ജനകീയ ഹോട്ടലുകളിൽ ഉച്ചയൂണുകൾ മാത്രമാണ് വിതരണം ചെയ്തു വരുന്നത്. ഇത്തരം ഹോട്ടലുകൾ വരുമാനം കുറയുന്നതുമൂലം പൂട്ടിപ്പോകുന്ന അവസ്ഥയിലാണ്. എന്നാൽ ഉച്ചഭക്ഷണത്തിനുപരിയായി ചായ, സ്നാക്സ് തുടങ്ങിയ ലഘുഭക്ഷണങ്ങൾ കൂടി വിതരണം ചെയ്യുന്ന ഹോട്ടലുകൾക്ക് കൂടുതൽ വരുമാനം ലഭിച്ചു വരുന്നുണ്ട്. ജനകീയ ഹോട്ടലുകളിൽ ഉച്ചഭക്ഷണത്തിനുപരിയായി മറ്റ് സമയങ്ങളിൽ (പ്രഭാത ഭക്ഷണം, ചായ, ലഘു ഭക്ഷണം മുതലായവ) ഭക്ഷണം നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്.

8. നാനോ ഷോപ്പുകൾ ആരംഭിക്കുക - ജനകീയ ഹോട്ടൽ യൂണിറ്റുകളിൽ സാധ്യത പരിശോധിച്ച് നാനോ ഷോപ്പുകൾ ആരംഭിക്കുന്നതിലൂടെ കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനം മുഖേന വരുമാന വർദ്ധനവ് നേടാവുന്നതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ള ഖണ്ഡിക 1 ൽ പരാമർശിച്ച വില അടിസ്ഥാന വിലയായി പരിഗണിച്ച് അതാത് കാലത്തെ അവശ്യസാധന വില വർദ്ധന സംബന്ധിച്ച് ജില്ലാ സപ്ലൈ ഓഫീസറുടെ അഭിപ്രായം തേടി ജനകീയ ഹോട്ടൽ സംരംഭങ്ങൾ നഷ്ടമില്ലാതെ തുടർന്നു പോകുന്നതിനാവശ്യമായ വില സംസ്ഥാന വ്യാപകമായി നിശ്ചയിച്ചു നടപ്പാക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, ജനകീയ ഹോട്ടലുകളുടേയും പ്രതിനിധികൾ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവരുമായി കൂടിയാലോചിച്ച് സംസ്ഥാനമാകെ ജനകീയ ഹോട്ടലുകളിലെ ഉച്ചഭക്ഷണത്തിന് ഒരേ വില നിശ്ചയിച്ചുകൊണ്ട്, സബ്സിഡി 2023 ആഗസ്റ്റ് 1 മുതൽ നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ ആസൂത്രണ സമിതികൾക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും മേൽ നിബന്ധനകൾക്കു വിധേയമായി കാലാകാലത്തെ വില വർദ്ധന ശുപാർശ ചെയ്യുന്നതിനും ജില്ലാ ആസൂത്രണ സമിതികൾ ഒരു സബ്-കമ്മിറ്റിക്ക് രൂപം നല്കേണ്ടതും സബ്

കമ്മിറ്റികൾ ശുപാർശ ചെയ്യുന്ന വില വർദ്ധന നടപ്പാക്കുന്ന വിഷയത്തിൽ ജില്ലാ ആസൂത്രണ സമിതികൾ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ.പി.
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & ജില്ലാ കളക്ടർ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്)
ജില്ലാ പ്ലാനിംഗ് ഓഫീസർ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. ഐ.എ.1/129/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 10-08-2023 16:45:16
സെക്ഷൻ ഓഫീസർ